# തിരുക്കൊച്ചിയുടെ നീര നാളെ മുതൽ വിപണിയിൽ

കൊച്ചി: തിരുക്കൊച്ചി കമ്പനി വിപണിയിൽ ഇറക്കുന്ന നീരയുടെ ഔദ്യോഗികമായ ഉദ്ഘാടനം നാളെ വൈകുന്നേരം നാലിന് മന്ത്രി കെ. ബാബു നിർവഹിക്കും. 200 മില്ലിലിറ്റർ, ഒരു ലിറ്റർ ബോട്ടിലുകളിലായാണ് നീര പുറത്തിറക്കുന്നത്.

കൊച്ചി നാളികേര വികസന ബോർഡ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എംഎൽഎ, മേയർ ടോണി ചമ്മണി എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐഎഎസ് മുഖ്യപ്രഭാഷണം നടത്തും. തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ജോസഫ് ബാബു അധ്യക്ഷത വഹിക്കും.